"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 164/2005 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന തുക റിക്കുപ്പ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.795/2026/LSGD** **തീയതി, തിരുവനന്തപുരം, 19-03-2026**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/08/2025-ലെ എ3/1953/2005/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2025 തീയതിയിലെ DCTVM/6607/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം. 2495/2025/തസ്വഭവ തീയതി 13/10/2025
4. സ.ഉ.(സാധാ)നം.10045/2025/ധന തീയതി 16/12/2025.
5. സ.ഉ.(സാധാ)നം.16/2026/തസ്വഭവ തീയതി 01/01/2026.
6. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - ഡിമാന്റ് നം. XXII - നഗര വികസനം - ക്രമ നം. (സി).

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2031/3-2-ൽപ്പെട്ട 0.31 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 164/2005 നമ്പർ കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയായ 11,62,361/-രൂപ റിക്കുപ്പ് ചെയ്യുന്നതിനായും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/ രൂപയും ചേർത്ത് ആകെ 26,72,400/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് എൽ.എ.ആർ. 164/2005 നമ്പർ കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയായ 11,62,361/-രൂപ റിക്കുപ്പ്

ചെയ്യുന്നതിനായും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/ രൂപയും ചേർത്ത് ആകെ 26,72,400/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3). പരാമർശം (4) പ്രകാരം എൽ.എ.ആർ. 164/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/- രൂപ മാത്രം '4217-60-800-93 Payment of Compensation in LAR Cases (Plan- Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി 15,11,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയുണ്ടായി. ആയതു പ്രകാരം എൽ.എ.ആർ. 164/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/- രൂപ മാത്രം ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി എൽ.എ.ആർ. കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയായ 11,62,361/- രൂപ റിക്കുപ്പ് ചെയ്യുന്നതിനുള്ള ഫണ്ട് അനുവദിച്ചിരുന്നില്ല.

4) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 164/2005 നമ്പർ കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയായ 11,62,361/-രൂപ റിക്കുപ്പ് ചെയ്യുന്നതിനായും മറ്റ് സമാന എൽ.എ.ആർ.കേസുകളിലെ ബാലൻസ് തുക അനുവദിക്കുന്നതിനുമായി പരാമർശം (6) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

5) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2031/3-2-ൽപ്പെട്ട 0.31 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 164/2005 നമ്പർ കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള **11,62,361/- രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം)** '8674-00-101-99' എന്ന ശീർഷകത്തിലേയ്ക്ക് റിക്കുപ്പ് ചെയ്യുന്നതിന് **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-3/294/2025/FIN - Part (1) dated 23.02.2026].

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/130/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 19-03-2026 11:51:50

സെക്ഷൻ ഓഫീസർ